"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കെ.യു.ആർ.ഡി.എഫ്.സി. - ജീവനക്കാര്യം - കെ.യു.ആർ.ഡി.എഫ്.സി യിലെ അസിസ്റ്റന്റ് മാനേജർ പ്രോജക്ട് (Town Planner) തസ്തികയിലേയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. ഗംഗ ആർ.എസ്.നെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1551/2023/LSGD തീയതി,തിരുവനന്തപുരം, 29-07-2023

---

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 580/2013/ധന തീയതി 28/11/2013.
3. കെ.യു.ആർ.ഡി.എഫ.സി. മാനേജിംഗ് ഡയറക്ടറുടെ 25/7/2023ലെ എ2/123/2022/കെ.യു.ആർ.ഡി.എഫ്.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കെ.യു.ആർ.ഡി.എഫ്.സിയിൽ അസിസ്റ്റന്റ് മാനേജർ പ്രോജക്ട് (Town Planner) തസ്തികയിൽ നഗര ഗ്രാമാസൂത്രണ വകുപ്പിൽ നിന്നും അനുയോജ്യരായ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാത്തതിനാൽ 1.6.222 മുതൽ ഈ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണെന്നും കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും വായ്പ എടുത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളുടെ സാങ്കേതിക പരിശോധന ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥനാണ് നിർവഹിക്കേണ്ടതെന്നും ആയതിനാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചനീയറുടെ പാനലിൽ നിന്നും തിരഞ്ഞെടുത്ത ശ്രീമതി. ഗംഗ ആർ എസ്സ് നെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്നും പരാമർശം (3) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.യു.ആർ.ഡി.എഫ്.സിയിലെ അസിസ്റ്റന്റ് മാനേജർ പ്രോജക്ട് (Town Planner) തസ്തികയിലേയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീമതി. ഗംഗ ആർ.എസ്.നെ കെ.എസ്.ആർ. ഭാഗം - I ചട്ടം 140 (സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (File IA2/90/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 29-07-2023 17:20:06